# ക്രിസ്തുവിന്റെ ശരീരം സംബന്ധിച്ച് ആത്മീയദർശനം ലഭിക്കുന്നതിനായി പ്രാർത്ഥിക്കുക-സാക് പുന്നൻ

WFTW Malayalam 29 January 2012

www.jeevamozhikal.org

വിശ്വാസികൾ ക്രിസ്തുവിൽ ഒരു ശരീരം ആകണമെന്നവലിയ സത്യത്തിൽ കേന്ദ്രീകരിച്ചാണ് പൗലൊസിന്റെ എഫേസ്യർക്കുള്ള കത്ത്. ക്രിസ്തുവാണ് ശരീരത്തിന്റെ തല, സഭ അവിടുത്തെ ശരീരവും.(എഫേ.1 :22,23). ഓരോ വിശ്വാസിയും ഈ ശരീരത്തിലെ അവയവങ്ങളും. ഇതു നമ്മുടെ ബുദ്ധിയിൽ സമ്മതിക്കേണ്ട ഒരു വസ്തുത മാത്രമല്ല, എന്നാൽ നമ്മുടെ ദൈനംദിനജീവിതത്തെ ബാധിക്കുന്ന ഒന്നാണ്

എഫേസ്യലേഖനത്തിന്റെ ആദ്യപകുതി ക്രിസ്തുവിന്റെ ശരീരം എന്ന വേദശാസ്ത്രസത്യത്തെ സംബന്ധിച്ചാണ്. ലേഖനത്തിന്റെ രണ്ടാം പകുതിയിൽ ഈ സത്യത്തിന്റെ പ്രായോഗികത വ്യക്തമാക്കുന്നു. 'അതുകൊണ്ട് .......നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമായി ജീവിക്കുവിൻ.. പൂർണവിനയത്തോടും സൗമ്യതയോടും സഹിഷ്ണുതയോടുംകൂടി സ്നേഹത്തിൽ അന്യോന്യം ക്ഷമിക്കുവിൻ.. ആത്മാവിലുള്ള ഐക്യം സമാധാനബന്ധത്തിൽ നിലനിർത്തുവാൻ ജാഗ്രത കാണിപ്പിൻ.....ശരീരം ഒന്ന്"(എഫെ.4:1-4). മറ്റൊരു തരത്തിൽ പറഞ്ഞാൽ ക്രിസ്തുവിന്റെ ശരീരമാകും സഭ എന്ന ഈ സത്യം കണ്ട് മനസ്സിലാക്കിയിട്ടുള്ള ഒരു വ്യക്തി തന്റെ സഹവിശ്വാസികളോടൊത്ത് വിനയത്തോടും സൗമ്യതയോടും സഹിഷ്ണുതയോടും സ്നേഹത്തോടും ഐക്യതയോടും കഴിയുവാൻ എപ്പോഴും ഉത്സാഹിക്കും.

ഒരു ക്രിസ്ത്യാനി അങ്ങനെ നടക്കുന്നില്ലെങ്കിൽ അത് സൂചിപ്പിക്കുന്നത് അയാൾ ക്രിസ്തുവിന്റെ ശരീരമെന്നത് കണ്ടിട്ടില്ല എന്നതാണ്. അങ്ങനെയുള്ള ഒരാൾ ചെയ്യേണ്ടത് ഇതാണ്. എഫേസ്യലേഖനത്തിന്റെ ആദ്യ മൂന്ന് അദ്ധ്യായങ്ങളിലേക്കു ചെന്ന് ഇങ്ങനെ പറയണം "ദൈവമേ, ഇവിടെ കാണുന്ന കാര്യങ്ങളിൽ ഞാൻ അന്ധനാണ്. എന്റെ കണ്ണുകളെ തുറന്ന് എന്നെ പഠിപ്പിക്കേണമേ." 'ശരീരം' എന്ന സത്യം കേവലം ബുദ്ധിയിൽ മനസ്സിലാക്കാവുന്ന ഒന്നല്ല, പൗലൊസ് പറയുന്നതുപോലെ പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയദൃഷ്ടി പ്രകാശിച്ചാൽ മാത്രമേ അതൊക്കെ അറിയൂ (എഫേ 1: 18,22,23).

കൊരിന്തിലെ സഭയ്ക്ക് പൗലൊസ് ഇങ്ങനെ എഴുതി "നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അവയവങ്ങളും ആകുന്നു."(1കൊരി.12: 27). തീർച്ചയായും ലോകമെമ്പാടുമുള്ള വിശ്വാസികൾ ചേർന്നു രൂപപ്പെടുന്ന ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗംതന്നെയാണ് ആദ്യനൂറ്റാണ്ടിലെ കൊരിന്ത്യവിശ്വാസികൾ. എന്നാൽ അതോടൊപ്പം പ്രാദേശികതലത്തിൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗം ആയിത്തീരുകയും വേണം. എല്ലാ കാലത്തും എല്ലാ സ്ഥലത്തുമുള്ള എല്ലാ കൂട്ടത്തിനുമുള്ള വിളി ഇതാണ്. എല്ലാ ക്രിസ്തീയകൂട്ടായ്മകളും അത് സഭയായാലും ഒരു സംഘടന ആയാലും അത് ഈ ലോകത്തിന്റെ മുമ്പിൽ ക്രിസ്തവിന്റെ ശരീരത്തെ പ്രദർശിപ്പിക്കുന്നതായിരിക്കണം എന്നതാണ് ദൈവത്തിന്റെ താത്പര്യം.

യേശു ഭൂമിയിലേക്കു വന്നപ്പോൾ അവിടുന്ന് ഒരു ഭൗതികശരീരം സ്വീകരിച്ചു. ക്രിസ്തുവിന്റെ ആ ഭൗതികശരീരത്തിലൂടെ ദൈവം മനുഷ്യനു തന്നെത്തന്നെ കാണിച്ചുകൊടുത്തു. ആ ഭൗതികശരീരം കൂടാതെ ക്രിസ്തുവിനു തന്റെ വേല തികയ്ക്കുവാനോ ഈ ലോകത്തിനു മുൻപിൽ ദൈവം എങ്ങനെയുള്ളവനെന്നുകാണിക്കുവാനോ സാധിക്കുമായിരുന്നില്ല. ഒരു ഭൗതികശരീരം വളരെ ആവശ്യമായിരുന്നു. ഒന്നു ചിന്തിച്ചുനോക്കുക. ക്രിസ്തുവിന്റെ ശരീരം തളർന്നതും കൈകാലുകൾ ബലമില്ലാത്തതുമായിരുന്നുവെങ്കിൽ ഭൂമിയിൽ അവിടുന്നു ചെയ്ത ശുശ്രൂഷ എത്രമാത്രം പരിമിതപ്പെട്ടേനെ. ഉദാഹരണത്തിന് അവിടുത്തെ കാലുകളും കൈകളും നാവും തളർന്നതായിരുന്നുവെങ്കിൽ അവിടുന്ന് എങ്ങനെ പാപികളുടെ ഭവനത്തിലേക്കു. പോകുമായിരുന്നു. അല്ലെങ്കിൽ കുഷ്ഠരോഗികളെ ആലിംഗനം ചെയ്യുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നോ? ജീവന്റെ വചനങ്ങൾ എങ്ങനെ അരുളിച്ചെയ്യുവാൻ സാധിക്കുമായിരുന്നു? ആരോഗ്യമുള്ള ശക്തമായൊരു ശരീരമുണ്ടായിരുന്നതുകൊണ്ട് അവിടുന്ന് ഇതും ഇതിലധികവും ചെയ്തു.

ക്രിസ്തു സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുമ്പോൾ ഭൂമിയിൽ അവിടുന്നു ചെയ്ത വേല തുടരുവാൻ ദൈവം മറ്റൊരു ശരീരം നൽകി. എല്ലാ ദേശത്തുനിന്നും ജാതിയിൽനിന്നും ഭാഷയിൽനിന്നും അവിടുത്തെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വിശ്വാസികളുടെ കൂട്ടമെന്ന ശരീരം.

ക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോൾ ഉള്ളിലുണ്ടായിരുന്ന അതേ പരിശുദ്ധാത്മാവു തന്നെ ഉള്ളിൽ വ്യാപരിക്കുന്ന വിശ്വാസികളുടെ ശരീരം. ക്രിസ്തു തന്റെ ഭൗതികശരീരത്തിൽ തുടങ്ങിയ വേല തുടരുവാൻ വേണ്ടിയുള്ളതാണത്. ഇതാണ് സഭയ്ക്കുള്ള വിളി.

ഇന്നു ഭൂമിയിൽ ക്രിസ്തു പരിമിതപ്പെട്ടിരിക്കുന്നത് എന്തുകൊണ്ടാണ്? ക്രിസ്തുവിന്റെ പുതിയ ശരീരത്തിനു(സഭ) കൈകാലുകളും മറ്റവയവങ്ങളുമുണ്ട്. എന്നാൽ അവ ഒന്നുകിൽ പാപത്താൽ തളർന്നിരിക്കുന്നു അല്ലെങ്കിൽ ഐക്യമില്ലാത്തതിനാൽ പരസ്പരം ബന്ധമില്ലാതിരിക്കുന്നു.

ക്രിസ്തുവിന്റെ ആത്മികശരീരത്തെ ആക്രമിക്കുവാൻ സാത്താന് ഇന്നു കഴിയുകയില്ല. എന്നാൽ അവന് ക്രിസ്തുവിന്റെ പുതിയ ശരീരത്തെ ആക്രമിക്കുവാൻ കഴിയും. ക്രിസ്തുവിന്റെ ഭൂമിയിലെ വേല പരിമിതപ്പെടുത്തുവാൻ സഭയിലെ അംഗങ്ങളുടെ സഹകരണമില്ലായ്മ കൊണ്ടോ പ്രവർത്തനരാഹിത്യം കൊണ്ടോ സാധിക്കുമെന്നു സാത്താൻ (പല വിശ്വാസികളിൽ നിന്നുവ്യത്യസ്തമായി) തിരിച്ചറിയുന്നു.

ക്രിസ്തുവിന്റെ ശരീരത്തെക്കുറിച്ച് ഒരു ആത്മീയദർശനം ലഭിക്കുന്നതിനു നാം എത്രമാത്രം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ക്രിസ്തു തലയും നാം ഓരോരുത്തരും അവയവങ്ങളും ആയിട്ടുള്ള അവിടുത്തെ ശരീരത്തെ കാണുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. അത്തരം ഒരു ദർശനത്തിനു മാത്രമേ സഭയെ ജയാളിയാക്കുവാൻ സാധിക്കൂ.

മൊഴിമാറ്റം: സാജു ജോസഫ്